**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **08-12-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുമൂലം മിക്ക വില്ലേജ് ഓഫീസുകളിലും ഒട്ടേറെ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വില്ലേജ് ഓഫീസുകളിൽ കൃത്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ട്. വില്ലേജ് ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് മുൻ കാലങ്ങളിലേതു പോലെ ജീവനക്കാരെ നിയമിച്ചു വരുന്നു. |
| (ബി) | വില്ലേജ് ഓഫീസ് ജീവനക്കാരെ താലൂക്ക്/ ആർ.ഡി.ഒ./കളക്ട്രേറ്റ് ഓഫീസുകളിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുമ്പോൾ ലാവണം നിലനിൽക്കുന്ന ഓഫീസിൽ പകരം നിയമനം നൽകാത്തതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. |
| (സി) | ഇത് മൂലം വില്ലേജ് ഓഫീസുകളിൽ എത്തുന്ന പൊതു ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ? | (സി) | ഇല്ല. പൊതു ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്നത് കൂടുതൽ വേഗത്തിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ